LIBRARY ARCHIVES Kerala Legislative Assembly

തൊഴിലില്ലാത്ത പറയ സമുദായക്കാർ

116 [273] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പറയ സമുദായത്തിലെ എത്ര അംഗങ്ങൾ ഉണ്ട്;

(ബി) പ്രസ്തുത സമുദായത്തിൽപ്പെട്ട എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഇവർക്ക് ജോലി നൽകുന്നതിനാവശ്യമായ പ്രത്യേക നടപടികൾ എന്തെങ്കിലും സർക്കാർ സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വകുപ്പ് മേധാവികളിൽനിന്നും വിവരം ശേഖരിച്ചു വരുന്നു.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും വിവരം ശേഖരിച്ചു വരുന്നു.

(സി) ജോലി നൽകുന്ന കാര്യത്തിൽ മറ്റു പട്ടികജാതി വിഭാഗക്കാർക്ക് നൽകുന്ന പരിഗണന മാത്രമേ പറയ സമുദായക്കാർക്കും നൽകുന്നുള്ളു.

പട്ടികജാതിക്കാർക്ക് ഡ്രൈവിംഗ് പരിശീലനത്തിന് ചെലവഴിച്ച തുക

117 [274] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04 വർഷത്തിൽ പട്ടികജാതിക്കാർക്ക് ഡ്രൈവിംഗ് പരിശീലനത്തിന് എന്തു തുക ചെലവഴിച്ചു;

(ബി) എത്രപേരെ ഡ്രൈവിംഗ് പരിശീലനത്തിന് തെരഞ്ഞെടുത്തുവെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളിലാണ് പരിശീലനം നടത്തിയത്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ഡി) അപേക്ഷകരെ തിരഞ്ഞെടുക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2003-04 വർഷത്തിൽ പട്ടികജാതിക്കാർക്ക് വേണ്ടി ഡ്രൈവിംഗ് പരിശീലനത്തിന് പട്ടികജാതി വികസന വകുപ്പിൽനിന്ന് അനുമതി നൽകിയിട്ടില്ല. എന്നാൽ 2002-03 വർഷത്തിൽ അനുവദിച്ച ഡ്രൈവിംഗ് പരിശീലന പരിപാടിയുടെ തുടർച്ചയായി 51,11,490 രൂപ 2003-04 വർഷത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

(ബി, സി ആന്റ് ഡി) ബാധകമല്ല.

സ്വന്തമായി ഭൂമി ഇല്ലാത്ത ആദിവാസി കുടുംബങ്ങൾ

118 [275] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമി ഇല്ലാത്ത എത്ര ആദിവാസി കുടുംബങ്ങൾ സംസ്ഥാനത്തുണ്ട്;

(ബി) ആദിവാസി സമരത്തെത്തുടർന്ന് ഭൂമിയില്ലാത്ത ആദിവാസികളെ പുനരധിവസിപ്പിക്കുവാൻ എന്തെല്ലാം തീരുമാനങ്ങൾ എടുത്തിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ടെന്നും ഓരോരുത്തർക്കും എത്ര വീതം നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) ആദിവാസികൾക്ക് നൽകുവാൻ ആവശ്യമായ ഭൂമി സംസ്ഥാനത്ത് ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും എന്നത്തേക്ക് ഭൂമി നൽകാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വന്തമായി ഭൂമി ഇല്ലാത്ത 22052 ആദിവാസി കുടുംബങ്ങൾ ഉള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2024 ആദിവാസി കുടുംബങ്ങൾക്കായി 2862.33 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി ഭൂമി കണ്ടെത്തുന്നതിന് സർക്കാർ പരമാവധി ശ്രമിക്കുന്നുണ്ട്. ഇതിന്റെ ഫലമായി ഭൂരഹിത കുടുംബങ്ങൾക്ക് ചുരുങ്ങിയത് ഒരേക്കർ വീതം വിതരണം ചെയ്യുവാനാവശ്യമായ ഭൂമി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. †

(ഇ) സംസ്ഥാനത്തെ എല്ലാ ഭൂരഹിത ആദിവാസി കുടുംബങ്ങൾക്കും ഈ സർക്കാരിന്റെ കാലത്തുതന്നെ ഭൂമി വിതരണം നടത്തുവാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ആറളം ഫാം വക ഭൂമി വിതരണവുമായി ബന്ധപ്പെട്ട നടപടി

119 [276] **ശ്രീ. പി. ജയരാജൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ആറളം ഫാം വകഭൂമി ആദിവാസികൾക്ക് വിതരണത്തിനായി കേരള സർക്കാരിന് വിട്ടുതരാൻ തീരുമാനിച്ചതിനെ തുടർന്ന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്ന് വിശദമാക്കാമോ;

(ബി) ഭൂരഹിതരായ ആദിവാസികൾക്ക് നൽകേണ്ട ഭൂമി ഫാമിന്റെ ഏതെല്ലാം ബ്ലോക്കുകളിൽ ഉൾപ്പെട്ടതാണ്;

(സി) ആദിവാസികൾക്ക് നൽകുവാൻ തീരുമാനിക്കപ്പെട്ട ഭൂമിയൊഴികെയുള്ള മറ്റ് ഭൂമിയുൾക്കൊള്ളുന്ന ഫാമിന്റെ പ്രവർത്തനം ഏതു വകുപ്പിന്റെ കീഴിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ?

ഉത്തരം

(എ) മുഖ്യമന്ത്രി നേരിട്ടും ഉദ്യോഗസ്ഥ തലത്തിൽ പല തവണയും ചർച്ച ചെയ്തതിന്റെ ഫലമായിട്ടാണ് കേന്ദ്രഗവൺമെന്റ് ആറളം ഫാം സംസ്ഥാനത്തിന് കൈമാറാൻ തീരുമാനിച്ചത്. ഫാം ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള ഉടമ്പടി തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുണ്ട്. ഇപ്പോൾ ഇത് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ബി) വിശദമായ ചർച്ചകൾക്കുശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ.

(സി) തീരുമാനിച്ചിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly